**കേരള സർക്കാർ**

സംഗ്രഹം

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്കുവേണ്ടി ജില്ലാ കളക്ടർമാരുടെ പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി - പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **499/2018/ധന.** തിരുവനന്തപുരം, തീയതി **20.01.2018**

---

പരാമർശം - 1. 10.11.2017 ലെ സ.ഉ. (സാധാ) നം. 8514/2017/ധന

2. ഇടുക്കി ജില്ലാ കളക്ടറുടെ 06.12.2017 ലെ എ 12-7184/2014 നമ്പർ കത്ത്

**ഉത്തരവ്**

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കുവേണ്ടി അനുവദിക്കുന്ന തുക നിക്ഷേപിക്കുന്നതിന് പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, ആലപ്പുഴ എന്നീ ജില്ലാ കളക്ടർമാരുടെ പേരിൽ അതത് ജില്ലാ ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ഇടുക്കി ജില്ലാ കളക്ടറേറ്റുമായി ബന്ധപ്പെട്ട എല്ലാ ട്രഷറി ഇടപാടുകളും നടക്കുന്നത് പൈനാവ് സബ് ട്രഷറി മുഖേനയാണെന്നും ജില്ലാ ട്രഷറിയിലേക്കുള്ള ദൂരക്കൂടുതൽ കണക്കിലെടുത്തും പ്രസ്തുത ആവശ്യത്തിലേക്കായി പൈനാവ് സബ് ട്രഷറിയിൽ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഇടുക്കി ജില്ലാ കളക്ടർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, ആലപ്പുഴ എന്നീ ജില്ലാ കളക്ടർമാരുടെ പേരിൽ ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പത്തനംതിട്ട/ഇടുക്കി/തൃശ്ശൂർ/കോഴിക്കോട്/വയനാട്/കണ്ണൂർ/ആലപ്പുഴ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ന്യൂനപക്ഷക്ഷേമ വകുപ്പ് (e-file No: MW2/204/2017-GAD പ്രകാരം)
ധനകാര്യ (WW) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ